(ബി) മുകളിലത്തെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ആനുകൂല്യം ലഭിക്കുന്ന മുറയ്ക്ക് വ്യവസായസ്ഥാപനം പ്രവർത്തനം നിറുത്തുന്നതായുള്ള പ്രവൃത്തികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മറ്റ് പലവിധ കാരണങ്ങളാൽ ആനുകൂല്യം ലഭിച്ച യൂണിറ്റുകൾ പൂട്ടി പോകാറുണ്ട്.

(ഡി) ആനുകൂല്യങ്ങൾ ലഭിച്ചാൽ വ്യവസ്ഥകൾ പാലിക്കാതിരിക്കുന്ന യൂണിറ്റുകൾക്കെതിരെ നിയമാനുസൃതമുള്ള നടപടികൾ വഴി തുക 14 ശതമാനം പലിശയടക്കം തിരികെപ്പിടിക്കാൻ ഇപ്പോൾ തന്നെ നടപടി സ്വീകരിക്കുന്നുണ്ട്.

അടച്ചുപൂട്ടിയ വ്യവസായശാലകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റി

*12 [351] ശ്രീ. ടി. കെ. ദേവകുമാർ:
ഡോ. തോമസ് ഐസക്:
ശ്രീ. എ. സി. മൊയ്തീൻ:
,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടച്ചുപൂട്ടിയ വ്യവസായശാലകൾ തുറന്ന് പ്രവർത്തിക്കുന്നത് സംബന്ധിച്ച് പ്രമുഖ വ്യവസായ കേന്ദ്രങ്ങളിലെ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെ തുടർന്ന് മോണിറ്ററിംഗ് കമ്മിറ്റികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത മോണിറ്ററിംഗ് കമ്മിറ്റികളുടെ യോഗം ഇതിനകം എത്ര തവണ കൂടിയിട്ടുണ്ട്;

(ഡി) ഇതിന്റെ ഫലമായി അടച്ചുപൂട്ടിയ ഏതെല്ലാം വ്യവസായ യൂണിറ്റുകൾ തുറന്ന് പ്രവർത്തിപ്പിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതല പുനരുദ്ധാരണ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾ ജില്ലാതലത്തിൽ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ചുവരുന്നു.

(സി) 2003-2004 വർഷം വിവിധ ജില്ലാതല പുനരുദ്ധാരണ കമ്മിറ്റികൾ 41 തവണ യോഗം കൂടിയിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly